**13-ാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നം: 682**

**06.02.2013-ൽ**
**മറുപടിയ്ക്ക്**

## കെൽട്രോൺ സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) ഏതെങ്കിലും കെൽട്രോൺ സ്ഥാപനങ്ങളിൽ പിരിഞ്ഞു പോയ തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി നൽകാൻ ബാക്കിയുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ആകെ കുടിശ്ശിക എത്രയെന്നും എത്ര പേർക്കാണ് നൽകാനുള്ളതെന്നും അറിയിക്കുമോ ; | (ബി) കണ്ണൂരിലെ കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡ് കമ്പനിയിൽ നിന്നും പിരിഞ്ഞു പോയ 54 ജീവനക്കാർക്ക് 31.01.2013 വരെ ഗ്രാറ്റുവിറ്റി കുടിശ്ശികയായ 1,86,35,591/- രൂപ (ഒരു കോടി എൺപത്തിയാറ് ലക്ഷത്തി മുപ്പത്തി അയ്യായിരത്തി അഞ്ഞൂറ്റി തൊണ്ണൂറ്റി ഒന്ന് രൂപ) നൽകാനുണ്ട്. |
| (സി) കുടിശ്ശിക കൊടുത്തു തീർക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ; | (സി) & (ഡി) റിട്ടയർമെന്റ് ആനുകൂല്യങ്ങൾ കൊടുത്തു തീർക്കാനായി ഒറ്റത്തവണ സഹായം അനുവദിക്കുന്ന കാര്യം പരിശോധിച്ച് വരുന്നു. |
| (ഡി) കുടിശ്ശിക എന്ന് കൊടുത്തു തീർക്കും എന്നറിയിക്കാമോ ? | |

Harcu

**സെക്ഷൻ ഓഫീസർ**